**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2199** **30-09-2025 - ൽ മറുപടിയ്ക്ക്**

**അതിദരിദ്രർക്കായുള്ള ആരോഗ്യപരിപാലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ജോബ് മൈക്കിൾ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ. പ്രമോദ് നാരായൺ** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് അതിദരിദ്രരെന്ന് കണ്ടെത്തിയിട്ടുള്ളവർക്ക് ആരോഗ്യ സംബന്ധമായ ആവശ്യങ്ങൾ നിറവേറ്റുന്നതിന് എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് അതിദരിദ്രർ എന്ന് കണ്ടെത്തിയിട്ടുള്ളവർക്ക് വിപുലമായ ആരോഗ്യ സേവനങ്ങളാണ് നൽകി വരുന്നത്<br><br><u>സൗജന്യ ചികിത്സാ സേവനങ്ങൾ</u><br><br>എല്ലാ സർക്കാർ ആശുപത്രികളിലും ഒ.പി/ഐ.പി സേവനങ്ങൾ, മരുന്നുകൾ, പരിശോധനകൾ എന്നിവ സൗജന്യമായി നൽകി വരുന്നു.<br><br><u>സൗജന്യ ലബോറട്ടറി പരിശോധനകൾ</u><br><br>CBC, RBS, Blood urea/creatinine, SGOT/SGPT, Lipid profile, HbsAg എന്നീ പരിശോധനകൾ സൗജന്യമായി നടത്തി വരുന്നു.<br><br><u>വീട് തോറും സേവനം</u><br><br>മാസാന്ത്യ ആരോഗ്യ പരിശോധന, പ്രസവാനന്തര പരിചരണം, നവജാത ശിശു പരിചരണം, പാലിയേറ്റീവ് കെയർ എന്നിവ നടപ്പാക്കി വരുന്നു.<br><br><u>ഗതാഗത സൗകര്യം</u><br><br>ഗർഭിണികൾക്കും ശിശുക്കൾക്കും JSSK പദ്ധതിയിലൂടെ സൗജന്യ ഗതാഗതം, ആദിവാസികൾക്കും പ്രത്യേക സഹായം.<br><br><u>പോഷണ സേവനം</u><br><br>ആശുപത്രികളിൽ രോഗികൾക്കും കൂട്ടിരിപ്പുകാർക്കും ഭക്ഷണ സഹായം |
| (ബി) | ഏതെല്ലാം വകുപ്പുകളുടെ സഹകരണത്തോടെയാണ് ഇത് നടപ്പാക്കുന്നത്; ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി | (ബി) | താഴെ പറയുന്ന വകുപ്പുകൾ വിവിധ സേവനങ്ങളിൽ സഹകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | ഇതിനായി നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; | | <u>തദ്ദേശ സ്വയംഭരണ വകുപ്പ്</u><br>കുടുംബ പട്ടിക പുതുക്കൽ, ആരോഗ്യ പദ്ധതികളുടെ ഏകോപനം<br><u>സാമൂഹിക നീതി വകുപ്പ്</u><br>ആശുപത്രിയിൽ ഒറ്റക്ക് കഴിയുന്നവർക്ക് കൂട്ടിരിപ്പ് സേവനം<br><u>ഗോത്ര വികസന വകുപ്പ്</u><br>ആദിവാസി സമൂഹത്തിന് ആശുപത്രി ഗതാഗതം<br><u>സ്റ്റേറ്റ് ഹെൽത്ത് ഏജൻസി</u><br>SHA നടപ്പിലാക്കുന്ന ആരോഗ്യ ആനുകൂല്യ പദ്ധതികളിൽ സംസ്ഥാനത്തെ അതിദരിദ്ര വിഭാഗത്തിൽപ്പെടുന്ന കുടുംബങ്ങളും അംഗങ്ങളാണ്. എല്ലാ ഗുണഭോക്താക്കൾക്കും UHID ABHA ID നൽകി ആരോഗ്യ ഇൻഷ്വറൻസ് സംവിധാനത്തിൽ ഉൾപ്പെടുത്തുന്നു. പദ്ധതികളിൽ അംഗമല്ലാത്തവർ ഉണ്ടെങ്കിൽ അവരെ ഉൾപ്പെടുത്തുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. |
| (സി) | കിടപ്പുരോഗികളായ അതിദരിദ്രർക്കും ഒറ്റയ്ക്ക് കഴിയുന്നവർക്കുമായി നല്കി വരുന്ന ആരോഗ്യ സേവനങ്ങൾ വിശദമാക്കാമോ? | (സി) | താഴെ പറയുന്ന സേവനങ്ങൾ കിടപ്പ രോഗികളായ അതിദരിദ്രർക്ക് നൽകി വരുന്നു.<br>വീട് തോറും ആരോഗ്യ സേവനം<br>മാസാന്ത്യ ആരോഗ്യ പരിശോധനകൾ (Haemoglobin, BP, Sugar, BMI)-എന്നിവയ്ക്ക്<br>ഗുരുതര രോഗങ്ങൾ (കാൻസർ, CVA, CAD, CKD) ഉള്ളവർക്ക് തുടർ ചികിത്സാ നിരീക്ഷണം.<br>ഒറ്റക്ക് കഴിയുന്ന മുതിർന്നവർക്കായി രണ്ട് ആഴ്ചയിൽ ഒരിക്കൽ പ്രത്യേക പരിചരണ സന്ദർശനം<br>കൂട്ടിരിപ്പുകാർ ഇല്ലാത്തവർക്ക് തദ്ദേശസ്വയംഭരണ വകുപ്പ് വഴി കൂട്ടിരിപ്പ് സേവനം നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ